എ3-4331/2003 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടാറാഫീസ്

തൃശ്ശൂർ, തിയ്യതി : 21/10/2014.

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം:- ഭരണജാഗ്രത - തൈക്കാട് ഗ്രാമ പഞ്ചായത്ത് - ക്ലാർക്ക് ശ്രീ.കെ.വേദവ്യാസൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1) തൈക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/04/1993 ലെ A-150/1991 നമ്പർ ഉത്തരവ്
2) തൈക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/06/2003 ലെ A-136/2003 നമ്പർ കത്ത്
3) സർക്കാർ ഉത്തരവ് (ആർ.ടി) 3634/1993 തിയതി 22/04/1993
4) സർക്കാർ ഉത്തരവ് (ആർ.ടി) 1603/1998 തിയതി 22/05/1998
5) താങ്കളുടെ 25/02/2003 ലെ അപേക്ഷ.
6) ഈ ഓഫീസിലെ 30/03/2009 ലെ E 2-4331/2003 നമ്പർ കത്ത്.
7) ഈ ഓഫീസിൽ 22/04/2009 ന് ലഭിച്ച താങ്കളുടെ കത്ത്.
8) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശൂർ ന്റെ 18/08/2014 ലെ എ3- 4331/2003 നമ്പർ കുറ്റാരോപണ മെമ്മോ.
9) താങ്കളുടെ 12/09/2014 ലെ കത്ത്.

********

തൃശൂർ ജില്ലയിലെ തൈക്കാട് ഗ്രാമപഞ്ചായത്തിൽ 15/03/1993 ന് ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച ശ്രീ : കെ. വേദവ്യാസൻ എന്ന താങ്കൾ സൂചന (1) ഉത്തരവ് പ്രകാരം 01/04/1993 മുതൽ 30/04/1993 വരെ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും, 01/05/1993 ലെ സർക്കുർ അവധിയും, 02/05/1993 ഞായറാഴ്ച്ചയും കഴിഞ്ഞ് 03/05/1993 ജോലിയിൽ പ്രവേശിക്കുകയും, തുടർന്ന് സൂചന (3) സർക്കാർ ഉത്തരവ് പ്രകാരം 5 വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും, ആയത് സൂചന (4) ഉത്തരവ് പ്രകാരം 5 വർഷത്തേക്ക് ദീർഘിപ്പിക്കുകയുമുണ്ടായി. പിന്നിട് ശ്യൂന്യവേതന അവധി 5 വർഷത്തേക്ക് കൂടി വീണ്ടും ദീർഘിപ്പിക്കുന്നതിന് സൂചന (5) പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുകയും, എന്നാൽ ആയതിൻമേൽ നാളിതുവരെ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ലാത്തതും 03/05/2003 മുതൽ താങ്കൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതുമാണ് സൂചന (6) പ്രകാരം താങ്കളോട് ജോലിയിൽ തിരികെ പ്രവേശിക്കുവാൻ ആവശ്യപ്പെട്ടു വെങ്കിലും സൂചന (7) പ്രകാരം

താങ്കൾ ആയത് വിസമ്മതിക്കുകയാണ് ഉണ്ടായത്. തുടർന്ന് സൂചന (8) പ്രകാരം താങ്കൾക്ക് 1960 ലെ കേരള സിവിൽ സർവ്വിസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പിലും) ചട്ടങ്ങൾ പ്രകാരമുള്ള കറ്റോരോപണ മെമ്മോ നൽകുകയും ആയതിൻമേൽ സൂചന (9) പ്രകാരം താങ്കൾ സമർപ്പിച്ചമറുപടിയിൽ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും, അച്ചടക്ക നടപടികൾക്ക് വിധേയനാകുന്നതിന് സമ്മതമാണെന്നും അറിയിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ താങ്കളുടെ 03/05/2003 മുതലുള്ള അനധികൃത ഹാജർ 5 വർഷങ്ങൾ കഴിഞ്ഞു എന്നതിനാലും താങ്കൾ ശൂന്യവേതന അവധിയിൽ പ്രവേശിച്ചിട്ട് 20 വർഷങ്ങൾ കഴിഞ്ഞു എന്നതിനാലും കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 1 ചട്ടം 24, 96 എ എന്നിവയിൽ അനുശാസിക്കും പ്രകാരം താങ്കളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് എതിരായി താങ്കൾക്ക് വല്ലതും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി ഒരുമാസത്തിനകം രേഖാമൂലം, തെളിവുകൾ സഹിതം ബോധിപ്പിക്കേണ്ടതാണ് എന്ന് ഇതിനാൽ അറിയിക്കുന്നു.

ജോസ്ന മോൾഎസ്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തൃശ്ശൂർ.

ശ്രീ. ശ്രീ.വേദവ്യാസൻ
എ-204 നവ ഭാരത് സി.എച്ച്.എസ്,
സെക്ടർ 2, ന്യൂ പൻവേൽ,
നവി, മുംബൈ-410206,
മഹാരാഷ്ട്ര

: രണ്ട് പ്രതികൾ നൽകുന്നു, ആയതിൽ ഒരു പ്രതി താങ്കൾ തിയ്തിയോടുകൂടിയ കൈയ്യൊപ്പ് രേഖപ്പെടുത്തി തിരികെ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

പകർപ്പ് : 1) സെക്രട്ടറി, ഗുരുവായൂർ നഗരസഭ
(തൈക്കാട് സോണൽ ഓഫീസ്)
2) കരുതൽ/ അധികം